**20U138** (Pages: 2) Name: …………………..

Reg. No…………………

**FIRST SEMESTER B.Sc. CS/B.C.A./F.T. DEGREE EXAMINATION, NOV. 2020**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL1 A07 (3) - മലയാള ഭാഷയും സാഹിത്യവും I**

(Common Course – Other Pattern)

(2019 Admission onwards)

Time: 2½ Hours Maximum: 80 Marks

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (2 മാർക്കു വീതമുള്ള 15 ചോദ്യങ്ങൾ – പരമാവധി മാർക്ക് 25)**

1. നദികളെക്കുറിച്ച് സിയാറ്റിൽ മൂപ്പൻ തന്റെ പ്രസംഗത്തിൽ പറഞ്ഞതെന്തെല്ലാം ?
2. കൽച്ചെടികളുടെ പ്രയോജനങ്ങൾ എന്തെല്ലാം ?
3. മനുഷ്യന്റെ മൂന്നു പ്രധാന ആഭിമുഖ്യങ്ങൾ ഏവ ? ജീവിതത്തിൽ അവയുടെ പ്രസക്തി എന്ത് ?
4. ശാന്തമ്മയ്ക്ക് 'വോം കടി' എന്ന പേര് വന്നതെങ്ങനെ ?
5. ''അവിടെയെന്നുൾക്കണ്ണാൽക്കാണുന്നൂ ഞാനേറെ
   വിവശിതമാമെൻ കുടുംബചിത്രം'' – വിവശിതമായ കുടുംബ ചിത്രത്തെക്കുറിച്ച് വിവരിക്കുക.
6. സിയാറ്റിൽ മൂപ്പൻ, തന്റെ പ്രസിദ്ധമായ 'ഞങ്ങൾ നിങ്ങൾക്കു ഭൂമി വിറ്റാൽ' എന്ന പ്രസംഗം നടത്താനിടയായ സാഹചര്യം എന്ത് ?
7. ''തിരിച്ചു തന്നാലുമങ്ങ് മുറിച്ചൊരെൻ ചിറകുകൾ''– ആശയം വിശദമാക്കുക.
8. 'എത്രയോ കൊല്ലങ്ങളായി ഈ പഞ്ചാരവഞ്ചന നടന്നുവരുന്നു. കാപ്പിരിക്ക് ഇനിയും അതിന്റെ കള്ളി തിരിഞ്ഞിട്ടില്ല' – ഇവിടെ പരാമർശിക്കുന്ന വഞ്ചന എന്താണ് ?
9. ''അടിച്ചവേദന അവൾക്കില്ല. അവൾ കേൾക്കുന്നത് ഒരു മുഴക്കമാണ്''– സന്ദർഭം വ്യക്തമാക്കുക.
10. ''അല്ലിൽ തനിച്ചിവിടെ അമ്മ തപിച്ചിടുന്നു'' – അമ്മയുടെ കഠിന ദുഃഖത്തിനു കാരണമെന്ത് ?
11. ആഫ്രിക്കയിലെ വാഗോഗോ വർഗ്ഗക്കാർക്കിടയിൽ വായിലെ മുൻപല്ലുകൾ പറിച്ചെടുത്തുകളയുന്ന സമ്പ്രദായം ഉത്ഭവിച്ചതിനു പിന്നിലെ കഥയെന്ത് ?
12. ''പല പോസിലുള്ള ഫോട്ടോകൾ'' എന്ന കവിതയുടെ അടിസ്ഥാന ആശയം എന്ത് ?
13. പ്രണയത്തെക്കുറിച്ചുള്ള വ്യത്യസ്തമായ ആഖ്യാനമായി 'ലോല' എന്ന ചെറുകഥ മാറുന്നതെങ്ങനെ?
14. ''ദുസ്സഹമായ കോപത്തോടെ, നിസ്സഹായമായ വെറുപ്പോടെ സരള ജനൽപ്പാളികൾ ചേർത്തടച്ചു'' സരളയുടെ കോപത്തിനു കാരണമെന്ത് ?
15. ന്യാസാലന്റിലെ യാവോവർഗ്ഗക്കാരുടെ സവിശേഷതകൾ ഏവ ?

**(Ceiling: 25 Marks)**

**II. ഒന്നര പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (5 മാർക്കു വീതമുള്ള 8 ചോദ്യങ്ങൾ – പരമാവധി മാർക്ക് 35)**

16. വായുവിനെക്കുറിച്ചുള്ള ചുവന്ന മനുഷ്യന്റെ സങ്കല്പം എന്ത് ?
17. ''അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
    നരിതിന്നാൽ നന്നോ മനുഷ്യന്മാരേ !'' സന്ദർഭവും ആശയവും വ്യക്തമാക്കുക.
18. 'മീരപാടുന്നു' എന്ന കവിതയിൽ സ്ത്രീ സ്വത്വാവിഷ്ക്കാരത്തിന്റെ മഹനീയവും സത്യസന്ധവുമായ ആഖ്യാനമാണ് സച്ചിദാനന്ദൻ സാധ്യമാക്കിയിരിക്കുന്നത് – വിവരിക്കുക.
19. ''അധിക ഫോട്ടോ അധികതേജസ്സ് എന്നാണു സർ'' – ആശയം വിവരിക്കുക.
20. നഗരജീവിതത്തിന്റെ പൊള്ളയായ മുഖംമൂടികൾക്കുള്ളിൽ ശ്വാസംമുട്ടി ജീവിക്കുന്ന മനുഷ്യരുടെ ജീവിതദുഃഖങ്ങൾ 'ഒത്തു തീർപ്പുകൾ' എന്ന കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്നതെങ്ങനെ
21. ദക്ഷിണറൊഡേഷ്യയിലെ ബുലവായോ നഗരത്തെക്കുറിച്ച് വിവരിക്കുക
22. ആഫ്രിക്കയിലെ 'അങ്കൂരു' വർഗ്ഗക്കാരെക്കുറിച്ച് വിവരിക്കുക
23. 'കലാപരമായ മേന്മകൾ മികച്ചു നിൽക്കുന്ന സൃഷ്ടികളാണ് പത്മരാജന്റേത്' –'ലോല' എന്ന കഥയെ ആധാരമാക്കി വിലയിരുത്തുക

**(Ceiling: 35 Marks)**

**III. ഏതെങ്കിലും രുചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക?**

24. വിക്ടോറിയ വെള്ളച്ചാട്ടത്തെക്കുറിച്ച് എസ്.കെ.പൊറ്റക്കാട്ട് നൽകുന്ന വിവരണം സംഗ്രഹിക്കുക.
25. ''ബുദ്ധനും ഞാനും നരിയും'' എന്ന ഇടശ്ശേരിക്കവിതയുടെ ആശയതലത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്യുക.
26. 'വർത്തമാനകാല സാഹചര്യത്തിൽ സ്ത്രീ സ്വാതന്ത്ര്യവും സ്ത്രീ സുരക്ഷയും നേരിടുന്ന ഭീഷണി ഭയാനകമാണ്''– 'വോംകടി' , 'കൊല്ലേതെങ്ങനെ', 'ഒത്തുതീർപ്പുകൾ' എന്നീ പാഠഭാഗങ്ങളുടെ പ്രമേയതലത്തെ മുൻനിർത്തി വിശദീകരിക്കുക.
27. കലയേയും സംസ്കാരത്തെയും കുറിച്ചുള്ള നിത്യചൈതന്യയതിയുടെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

**(2 x 10 = 20 Marks)**

*******